ഉത്തരം

(എ) മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി നിർദ്ദിഷ്ട പോലീസ് മ്യൂസിയത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് പൊന്നംവില നടപടികളൊന്നും നിലവിലില്ലാത്തതും ആയതിലേക്ക് റിക്വിസിഷൻ ലഭ്യമായിട്ടില്ലാത്തതുമാണ്.

(ബി&സി) ബാധകമല്ല.

വില്ലേജ് ഓഫീസുകളുടെ നവീകരണം

137(1203) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലപ്പുറം ജില്ലയിലെ ഏതെല്ലാം വില്ലേജ് ഓഫീസു കെട്ടിടങ്ങൾ നവീകരിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും അവയുടെ പ്രവൃത്തി പുരോഗതി എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

റവന്യൂ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിലെ അമരമ്പലം വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജാക്കുന്നതിനായി 11,28,000 രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വെറ്റിലപ്പാറ, കീഴുപറമ്പ്, മൂർക്കനാട്, കരുവാരക്കുണ്ട്, എടപ്പാൾ എന്നീ വില്ലേജുകൾക്ക് വില്ലേജ് ഓഫീസ് കം റസിഡൻഷ്യൽ ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 50,00,000 രൂപാവീതം പ്ലാൻ സ്കീം പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതും ആയതിന്റെ പ്രാരംഭ നടപടികൾ നടന്നുവരുന്നതുമാണ്. മറ്റ് വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് നടത്തിവരാറുള്ളത്.

വില്ലേജ് ഓഫീസുകളിലെ ഇ-ഡിസ്ട്രിക്ട് പദ്ധതി

138(1204) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിക്കേണ്ട വിവിധ തരം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം ഓൺ ലൈനായി നൽകുമ്പോൾ സേവനാവകാശ നിയമ പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ ലഭ്യമാകുന്നില്ല എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോടിക്കണക്കിന രൂപ ചെലവഴിച്ച് സംസ്ഥാനത്തെ മുഴുവൻ വില്ലേജാഫിസുകളിലും ലാപ് ടോപ്പുകൾ, ബ്രോഡ് ബാന്റ് ഇന്റർനെറ്റ് കണക്ഷൻ തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും നൽകിയിട്ടും പ്രസ്തുത പദ്ധതിയുടെ ഗുണം ജനങ്ങൾക്ക് ലഭ്യമാകാത്തത് എന്തുകൊണ്ടാണ് എന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇ-ഡിസ്ട്രിക്ട് പദ്ധതി ജനോപകാരപ്രദമായ രീതിയിൽ കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇ-ഗവേണൻസ് (NeGP) പദ്ധതിയുടെ ഭാഗമായാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. ഓൺലൈനായി വില്ലേജ് ഓഫീസർക്ക്/തഹസിൽദാർക്ക് എത്തുന്ന അപേക്ഷകൾ പരിശോധിച്ചശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ച് നൽകുന്നു. 7-2-2016 വരെ ഈ സംവിധാനംവഴി 18455773 അപേക്ഷകൾ പരിശോധിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓൺലൈൻ പേയ്മെന്റ് സംവിധാനംകൂടി ഈ പദ്ധതിയുടെ ഭാഗമായതോടുകൂടി വീട്ടിലിരുന്നുതന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യവും നിലവിൽ വന്നുകഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടം അപേക്ഷകന് ഏത് സമയത്തും ഓൺലൈനായി സർട്ടിഫിക്കറ്റിന് അപേക്ഷ നൽകാൻ കഴിയുന്നുവെന്നതും, സർട്ടിഫിക്കറ്റ് വാങ്ങുന്നതിനായി ബന്ധപ്പെട്ട ഓഫീസിൽ പോകണമെന്നും ഇല്ല.

(സി) G.O.(P)No.24/2010/ITD തീയതി 4-8-2010 പ്രകാരം ഓൺലൈൻവഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ്ടോപ്പുകൾ/പേഴ്സണൽ കമ്പ്യൂട്ടറുകൾ എന്നിവ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻവഴി നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി ഉപയോഗിക്കുന്ന എല്ലാ വില്ലേജ് ഓഫീസർമാർക്കും എസ്.വി.ഒ.-മാർക്കും തഹസിൽദാർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ പരിഹരിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും എല്ലാ താലൂക്കുകളിലും ഹാന്റ് ഹോൾഡിംഗ് സ്റ്റാഫിനെയും കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻവഴി നിയമിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾവഴി വിതരണം ചെയ്ത ലഘു ലേഖകൾവഴിയും വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകളുടെ പൂർണ്ണവിവരവും സർട്ടിഫിക്കറ്റുകൾക്ക് ആവശ്യമായിട്ടുള്ള അനുബന്ധ രേഖകളുടെ വിവരങ്ങളും അപേക്ഷ നൽകുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുംവേണ്ട പരിശീലനങ്ങളും അനുബന്ധ സാങ്കേതിക വിവരങ്ങളും അക്ഷയ കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly